## ഹേമ കമ്മീഷൻ
## ചലച്ചിത്ര മേഖലയിൽ തിരുത്തലുണ്ടാകും

**മന്ത്രി ജെ.ചിഞ്ചുറാണി**
**മൃഗസംരക്ഷണവകുപ്പു മന്ത്രി**
**കേരള മഹിളാ സംഘം മുൻ പ്രസിഡണ്ട്**

നമ്മൾ കേൾക്കാനാഗ്രഹിക്കാത്ത വാർത്തകളാണ് ചലച്ചിത്രമേഖലയിൽ നിന്ന് കേട്ടുകൊണ്ടിരിക്കുന്നത് ഒറ്റപ്പെട്ട വാർത്തകളായാലും ഇത് നമ്മെ നൊമ്പരപ്പെടുത്തുന്നുണ്ട്. സിനിമയുൾപ്പെടെ ഏത് മേഖലയിലും സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങളും സംഘർഷങ്ങളും ഒന്നിനൊന്നായി പുറത്തു വന്നുകൊണ്ടിരിക്കുന്നു. അടിച്ചമർത്തപ്പെടുന്ന സ്ത്രീത്വത്തിന് കേരള സമൂഹം ഒന്നടങ്കം പിന്തുണ നല്കേണ്ട വേളയാണിത്

ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിനെ ഞങ്ങൾ രാജ്യത്തിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായി അത്ഭുതത്തോടെയാണ് കാണുന്നത്. സാക്ഷര കേരളത്തിൽ നടന്ന ഇത്തരം തോന്ന്യാസങ്ങൾ മൂടിവെയ്ക്കപ്പെട്ടതിന്റെ ദുഖം മറച്ചു വെയ്ക്കുന്നില്ല. വ്യക്തിപരമായ പരാമർശങ്ങൾ മറച്ചു വെയ്ക്കണം എന്ന ജസ്റ്റിസ് ഹേമയുടെ പരാമർശത്തെ ബഹുമാനിക്കുന്നു

നമ്മുടെ വെള്ളിത്തിരയുടെ മാനം വീണ്ടെടുക്കേണ്ട അവസരം കൂടിയാണ് ഇപ്പോൾ സിനിമ എന്ന തൊഴിൽ മേഖല. ലൈംഗിക അതിക്രമങ്ങൾക്കോ വിവേചനങ്ങൾക്കോ ഇടവില്ലാത്ത വിധം എല്ലാവർക്കും സുരക്ഷയും തുല്യതയും ഉറപ്പുവരുത്തുന്ന സാമൂഹ്യക്രമമാണ് നമ്മുടെ പൊതു സമൂഹം ആഗ്രഹിക്കുന്നത് എങ്കിലും അതല്ല നടക്കുന്നതെന്ന് വ്യക്തമാക്കു ന്നതാണ് ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് വെളിവാക്കുന്നത്

മറ്റേത് തൊഴിൽ മേഖലയിലുള്ളതിലും കടുത്ത ലൈംഗിക ചൂഷണമാണ് മലയാളസിനിമ മേഖലയിൽ സ്ത്രീകൾ നേരിടുന്നതെന്ന് റിപ്പോർട്ട് പറയുന്നു. നിനിമാ മേഖലയിൽ പ്രവർത്തിക്കണമെങ്കിൽ ഭയന്ന് മാതാപിതാക്കളെ ഒപ്പം കൂട്ടണം. അത്രക്ക് അരക്ഷിതാവസ്ഥയുണ്ടെന്നതാണ് സിനിമയിലെ സ്ഥിതി.

61 പേജുകളും ഒട്ടേറെ ഖണ്ഡികകളും വെട്ടി മാറ്റിയിട്ടും ബാക്കിയായ ആരോപണങ്ങളുടെ സ്ഫോടനശേഷി ഞെട്ടിപ്പിക്കുന്നതാണ്. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ എന്തിനും തയ്യാറാക്കണമെന്ന് തോന്നൽ ഒപ്പം പ്രവർത്തിക്കുന്ന പുരുഷന്മാർ പുലർത്തുന്നുണ്ട് എന്ന് റിപ്പോർട്ട് പറയുമ്പോൾ അത് കേരളത്തെ നാണം കെടുത്തുന്നു

പെൺകുട്ടികളുടെ ശരീരവും ആത്മാഭിമാനവും വരെ അഭിനയിക്കുന്ന തിനായി അടിയറ വെക്കാനായി പ്രേരിപ്പിക്കുന്ന അവസ്ഥ റിപ്പോർട്ട്എടുത്തു പറയുന്നുണ്ട്. ആൺ അധികാര കേന്ദ്രീകൃതമാണ് സിനിമയെന്നു ചൂണ്ടിക്കാണിക്കുകയാണ് റിപ്പോർട്ട്. ജസ്റ്റിസ് ഹേമ നടത്തിയ വിശദമായ തെളിവെടുപ്പിന്റെ അടിസ്ഥാനത്തിലാണ് സിനിമാ മേഖലയിൽ സ്ത്രീകൾ അനുഭവിക്കുന്ന ഈ പ്രശ്നങ്ങൾ ചൂണ്ടി കാണിച്ചിരിക്കുന്നത്.

ഒരുപാട് സ്ത്രീകൾ അഭിനയത്തിനും പുറമേ സാങ്കേതിക രംഗങ്ങളിലും പ്രവർത്തിക്കുന്ന മേഖലയാണിത്. തൊഴിലിടങ്ങളിലെ സുരക്ഷിതത്വത്തിനായി സ്ത്രീകൾക്ക് ജോലി ചെയ്യാൻ അവസരം ഒരുക്കണമെന്ന് നിയമമുള്ള രാജ്യമാണ് ഇന്ത്യ. എന്നാൽ പല തൊഴിൽ മേഖലയിലും വലിയതോതിൽ സ്ത്രീകൾ ചൂഷണം അനുഭവിക്കുന്നു പുരുഷാധിപത്യ സമൂഹം സ്ത്രീയെ അടിച്ചമർത്താൻ ശ്രമിക്കുന്നു. സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് എറെ ദുഖം നൽകുന്ന കാര്യങ്ങളാണ് കമ്മിറ്റിക്ക് മുമ്പാകെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ

സാംസ്കാരിക കേരളം എന്ന് അഭിമാനത്തോടെ പറയുന്ന ജനതയാണ് നമ്മൾ. ലോക സിനിമയ്ക്ക് മഹത്തായ സംഭാവന നൽകിയ മലയാള സിനിമ ലോകത്തെ സംബന്ധിച്ച് ഇപ്പോൾ പുറത്തുവന്നിട്ടുള്ള വിവരങ്ങൾ സ്ത്രീ സമൂഹത്തെ സംബന്ധിച്ചിടത്തോളം ഒട്ടും ഭൂഷണമല്ല. ഭരണഘടനാപരമായി അവർക്ക് ലഭിക്കുന്ന സ്വാതന്ത്ര്യം തൊഴിലിടങ്ങളുടെ അനുകൂല സാഹചര്യം പ്രാഥമിക സൗകര്യങ്ങൾ നിർവഹിക്കാനുള്ള ഇടം ഭക്ഷണം വിശ്രമം, മെച്ചപ്പെട്ട യാത്രസൗകര്യം തുടങ്ങിയ അവകാശങ്ങൾ എല്ലാം ഒരുക്കി കൊടുക്കേണ്ട ഉത്തരവാദിത്തം സിനിമ മേഖലയിൽ ഉള്ളവർക്കുണ്ട്. അത്തരം കാര്യങ്ങളിൽ എല്ലാം കടുത്ത വിവേചനം ആണ് സ്ത്രീകൾ നേരിടുന്നതെന്ന് പറഞ്ഞിരിക്കുന്നു

സിനിമ മേഖലയിൽ വനിതകൾ നേരിടുന്ന ദുരനുഭവങ്ങൾ ഇപ്പോഴും ഉയർന്നുവരുന്ന സാഹചര്യത്തിൽ ഹേമസമിതി ശുപാർശകളെ സർക്കാർ

കാണാമറയത്ത് വെച്ചിട്ടില്ല. ഉടൻ പരിഹാരം കാണുക തന്നെ ചെയ്യും. ഈ രംഗത്ത് പ്രവർത്തിക്കുന്ന വനിതകളോടുള്ള അനീതി  സിനിമ രംഗത്തെ നിയമവിരുദ്ധ സ്ത്രീവിരുദ്ധ നടപടികളെ സർക്കാർ ശക്തമായി നേരിടുമെന്ന് മുഖ്യമന്ത്രി തന്നെ പറഞ്ഞത് കേൾക്കണം. സിനിമാ മേഖലയിൽ നടക്കുന്ന മോശം കാര്യങ്ങൾ ഇത്രയും വെളിവാക്കപ്പെട്ട സാഹചര്യത്തിൽ ഓൺലൈൻ പോലെയുള്ള ചർച്ചവേദികൾ അല്ല കർശന നടപടികളാണ് ഈ മേഖലയുടെ അടിയന്തര പ്രശ്നപരിഹാരം എന്ന് ഞങ്ങൾക്കറിയാം.

അതേസമയം കുറച്ചുപേർ നടത്തുന്ന ചൂഷണത്തിന്റെയും പീഡന ത്തിന്റെയും കളങ്കം പേറി മുന്നോട്ടു പോകുന്ന നമ്മുടെ സിനിമ വ്യവസായത്തിന് പൊതുവായ ചതിയുണ്ടാവാനും പാടില്ല. എല്ലാ തൊഴിലിട ങ്ങളിലും സ്ത്രീസുരക്ഷകമ്മിറ്റി വേണമെന്നുള്ള നിർദ്ദേശം സിനിമ മേഖലയിൽ പൂർണമായി നടപ്പിലാക്കണമെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നുണ്ട്  സമൂഹത്തെ മാറ്റിമറിക്കുന്നതിൽ നാടകങ്ങൾക്കും സിനിമയ്ക്കും വലിയ പങ്കുണ്ടെന്ന് നമുക്കറിയാം. മികച്ച സിനിമകൾ നിർമ്മിക്കുന്ന ധാരാളം ചെറുപ്പക്കാർ  ഈ മേഖലയിൽ കടന്നുവരുന്നുണ്ട് സ്ത്രീപക്ഷ സമസ്ത ആശയം മുന്നോട്ട് വയ്ക്കുന്ന ഒട്ടേറെ സിനിമകൾ സമീപകാലത്ത് ഉണ്ടായിട്ടുണ്ട്

സിനിമ മേഖല ആകെ കുഴപ്പം പിടിച്ചതാണെന്നു പറയാനും നമുക്ക് സാധിക്കില്ല. സമഭാവനയോടെ സഹപ്രവർത്തകരെ കാണുകയും തുല്യതയ്ക്ക് വേണ്ടി നിലപാടെടുക്കുകയും ചെയ്യുന്ന പുരുഷന്മാരും മഹാനടൻമാരും ധാരാളം ഈ രംഗത്ത് ഉണ്ട്. പക്ഷപാതപരമല്ലാത്തതും സമത്വത്തിൽ ഊന്നുന്നതുമായ സുരക്ഷിത പ്രവർത്തനത്തിന് ഉതക്കുന്ന അന്തരീക്ഷം തീർച്ചയായും നമ്മുടെ സിനിമയ്ക്ക് ഉണ്ടാവേണ്ടതുണ്ട്. സിനിമയെന്ന തൊഴിലിൽ വിവേചനങ്ങൾക്കിടയില്ലാത്ത വിധം എല്ലാവർക്കും സുരക്ഷയും തുല്യതയും ഉറപ്പുവരുത്തുന്നതാണ് ഡബ്ല്യുസിസിയെ പോലെ തന്നെ പൊതുസമൂഹം ആഗ്രഹിക്കുന്ന സാമൂഹ്യക്രമം. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ആത്മവിശ്വാസവും സുരക്ഷിതത്വവും പാരസ്പര ത്തിന്റെ കരുത്തും നൽകുവാൻ സർക്കാരും സമൂഹവും ഒപ്പം ഉണ്ടായിരിക്കും. അതിന് വഴിയൊരുക്കുവാൻ ശ്രമിക്കുന്ന ജസ്റ്റിസ് ഹേമ കമ്മിറ്റി ശുപാർശ റിപ്പോർട്ടിൻമേൽ ഉചിതമായ നടപടി കൈക്കൊള്ളും എന്നാണ് സർക്കാർ പറഞ്ഞിട്ടുള്ളത്.

റിപ്പോർട്ടിൽ മുന്നോട്ടുവച്ചിരിക്കുന്ന കാര്യങ്ങളെ ഗൗരവത്തോടെ കാണാനും കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനും സുരക്ഷിതമായി സ്ത്രീകൾക്ക് സിനിമയിൽ പ്രവർത്തിക്കാനുള്ള അവസരം സൃഷ്ടിക്കുവാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.